പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1332

21.03.2012-ലെ മറുപടിയ്ക്ക്

## വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>,, റ്റി. യു. കുരുവിള | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) അവശ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സഹകരണവകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷന്റെ ത്രിവേണി വ്യാപാര ശൃംഖല വിപുലീകരിച്ച് അവയിലൂടെ ഗുണനിലവാരമുള്ള എല്ലാ വിധ നിത്യോപയോഗ സാധനങ്ങളും പൊതു വിപണിയേക്കാൾ വിലക്കുറവിൽ ലഭ്യമാക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ത്രിവേണി യൂണിറ്റുകൾ തുടങ്ങുന്ന പദ്ധതി പൂർത്തീകരിച്ചു വരുന്നു. ഗ്രാമീണ മേഖലയിൽ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന നീതി സ്റ്റോറുകൾ കൂടുതലായി ആരംഭിക്കുകയും, സഹകരണ മേഖലയിലൂടെയുള്ള പൊതു വിതരണ സമ്പ്രദായം പദ്ധതിയായ നന്മ പദ്ധതിയിലൂടെ 10 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ 20% വരെ വിലക്കുറവിൽ സഹകരണ വിപണന കേന്ദ്രങ്ങളിലൂടെ വർഷം മുഴുവൻ ലഭ്യമാക്കുക എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>പ്രാഥമിക ഘട്ടത്തിൽ 2000 വിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ലക്ഷ്യമിട്ട ഈ പദ്ധതിയിൽ 1213 വിപണന കേന്ദ്രങ്ങൾ ഇതിനോടകം തുടങ്ങി കഴിഞ്ഞിട്ടുണ്ട്. വിപണന കേന്ദ്രങ്ങളുടെ എണ്ണം 10,000 ആയി വർദ്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 3 നന്മ സ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു.<br>എല്ലാ ഉത്സവ കാലങ്ങളിലും വിലക്കയറ്റവും, ഭക്ഷ്യ ദൗർലഭ്യവും നേരിടുന്ന |

സന്ദർഭങ്ങളിലും സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ വിലക്കയറ്റം ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനായി പ്രത്യേക വിപണന കേന്ദ്രങ്ങൾ നടത്തി വരുന്നു. 2011 ൽ ഓണം, ബക്രീദ്, ക്രിസ്മസ് വിപണന കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടെ 8942 സഹകരണ വിപണന കേന്ദ്രങ്ങൾ കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായി.

(ബി) കൺസ്യൂമർഫെഡിന്റെ കീഴിൽ എത്ര ത്രിവേണി സ്റ്റോറുകൾ ഈ സർക്കാർ ആരംഭിച്ചു ; ഇപ്പോൾ എത്ര ത്രിവേണി സ്റ്റോറുകൾ നിലവിലുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 43 ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചു. കൺസ്യൂമർ ഫെഡറേഷന്റെ ത്രിവേണി ശൃംഖലയിൽ 219 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) പുതിയ ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനമോ, സഹകരണ സ്ഥാപനങ്ങളോ, സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനമോ അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നുവെങ്കിൽ പുതിയ ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ